**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3106 23/03/2015-ൽ മറുപടിയ്ക്ക്

## പോളി ഫാം ഹൗസുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ഡോ.കെ.ടി.ജലീൽ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) പോളി ഫാം ഹൗസുകൾ തുടങ്ങുന്നതിന് നിശ്ചിത സെന്റ് സ്ഥലം വേണമെന്നുള്ള വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് സ്ഥലം വേണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കാമോ | എ) | ഉണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 ച.മീറ്റർ (10 സെന്റ്) മുതൽ 4000 ച.മീറ്റർ (1 ഏക്കർ) വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കണം. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, പച്ചക്കറി വികസന പദ്ധതി എന്നിവ പ്രകാരം 40 ച.മീറ്റർ (1സെന്റ്) മുതൽ 4000 ച.മീറ്റർ (1 ഏക്കർ) വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകി വരുന്നു. |
| ബി) നിർമ്മാണ ചെലവിന്റെ എത്ര ശതമാനമാണ് സബ്സിഡിയായി ഗുണഭോക്താക്കൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അംഗീകൃത യൂണിറ്റ് ചെലവിന്റെ 75 ശതമാനം ധനസഹായവും ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, പച്ചക്കറി വികസന പദ്ധതി എന്നിവ പ്രകാരം കേന്ദ്ര സർക്കാർ അംഗീകൃത യൂണിറ്റ് ചെലവിന്റെ 50 ശതമാനം വരെ ധനസഹായവും നൽകുന്നു.<br>2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്ര മീറ്ററിന് 935 രൂപയുടെ 75 ശതമാനം |

തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 50 ശതമാനം തുക ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്.

2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ മാനദണ്ഡം പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ നല്കുന്ന ധനസഹായം അനുബന്ധമായി ചേർത്തിരിക്കുന്നു

സി) വീടിന്റെ ടെറസിലും കുറഞ്ഞ സെന്റ് ഭൂമിയിലും ചെറിയ ചെറിയ പോളി ഹൗസുകൾ നിർമ്മിക്കുന്നതിന് സബ്സിഡി ഇപ്പോൾ ലഭ്യമാണോ; ഇല്ലെങ്കിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

സി) വീടിന്റെ ടെറസ്സിലും കുറഞ്ഞ സെന്റ് ഭൂമിയിലും ചെറിയ ചെറിയ പോളീഹൗസുകൾ നിർമ്മിക്കുന്നതിന് സബ്സിഡി ഇപ്പോൾ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ മാനദണ്ഡം പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ നല്കുന്ന ധനസഹായം.

## സമതല പ്രദേശം

| ക്രമ നം. | വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ചെലവ് | കേന്ദ്ര വിഹിതം 50% | സംസ്ഥാന വിഹിതം 25% | ആകെ ധനസഹായം | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|---|
| | | തുക (രൂപ)/ചതുരശ്രമീറ്റർ | | | | |
| 1 | 500 വരെ | 1060.00 | 530.00 | 265.00 | 795.00 | 265.00 |
| 2 | 501 മുതൽ 1008 | 935.00 | 467.50 | 233.75 | 701.25 | 233.75 |
| 3 | 1009 മുതൽ 2080 | 890.00 | 445.00 | 222.50 | 667.50 | 222.50 |
| 4 | 2081 മുതൽ 4000 | 844.00 | 422.00 | 211.00 | 633.00 | 211.00 |

## മലയോരപ്രദേശം

| ക്രമ നം. | വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ചെലവ് | കേന്ദ്ര വിഹിതം 50% | സംസ്ഥാന വിഹിതം 25% | ആകെ ധനസഹായം | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|---|
| | | തുക (രൂപ)/ചതുരശ്രമീറ്റർ | | | | |
| 1 | 500 വരെ | 1219.00 | 609.5 | 304.75 | 914.25 | 304.75 |
| 2 | 501 മുതൽ 1008 | 1075.25 | 537.63 | 268.80 | 806.43 | 268.80 |
| 3 | 1009 മുതൽ 2080 | 1023.50 | 511.75 | 255.90 | 767.65 | 255.90 |
| 4 | 2081 മുതൽ 4000 | 970.60 | 485.30 | 242.65 | 727.95 | 242.65 |

സെക്ഷൻ ഓഫീസർ